പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 255

# 2009-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2009

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 255

# 2009-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ഭേദഗതി ബിൽ

250/2009.

# 2009-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ഭേദഗതി ബിൽ

1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

2. ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 11 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്റ്റിലെ (1969-ലെ 19), 11-ാം വകുപ്പിനു ശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"11 എ. വർഷാശനം പുതുക്കൽ.—സർക്കാർ, ലാന്റ് ബോർഡ് സെക്രട്ടറിയുമായി കൂടിയാലോചിച്ച്, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, 2009-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ, 11-ാം വകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള വർഷാശനം മൂന്നിരട്ടി തുകയായി പുതുക്കേണ്ടതും, അതിനുശേഷം ഓരോ അഞ്ചുവർഷം കഴിയുമ്പോഴും അങ്ങനെ പുതുക്കിയ വർഷാശനത്തിൽ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തേണ്ടതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്റ്റിലെ (1969-ലെ 19) 11-ാം വകുപ്പ് പ്രകാരം പൊതുസ്വഭാവമുള്ള മതസ്ഥാപനങ്ങൾക്കും ധർമ്മസ്ഥാപനങ്ങൾക്കും നൽകേണ്ടതായ, നിർണ്ണയിക്കപ്പെട്ടിട്ടുള്ള, വർഷാശനം ആനുകാലികമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ആക്റ്റിൽ ഇല്ല. സാധനങ്ങളുടെ വില വർദ്ധനവിനനുസരിച്ച് പ്രസ്തുത വർഷാശനം പുതുക്കി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആക്റ്റിന്റെ 11-ാം വകുപ്പുപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള വർഷാശനത്തിൽ മൂന്നിരട്ടി വർദ്ധനവ് വരുത്തുന്നതിനും ഓരോ അഞ്ചുവർഷം കഴിയുമ്പോഴും അങ്ങനെ പുതുക്കിയ വർഷാശനത്തിൽ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡംമൂലം 1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 11 എ വകുപ്പ് പ്രസ്തുത ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള വർഷാശനം, സംസ്ഥാന ലാൻഡ് ബോർഡുമായി കൂടിയാലോചിച്ച്, 2009-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ, മൂന്നിരട്ടി തുകയായി പുതുക്കുന്നതിനും അതിനുശേഷം ഓരോ അഞ്ചുവർഷം കഴിയുമ്പോഴും അങ്ങനെ പുതുക്കിയ വർഷാശനത്തിൽ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്റ്റ് പ്രകാരം വർഷംതോറും അൻപത്തി അയ്യായിരം രൂപ വിവിധ ക്ഷേത്രങ്ങൾക്ക് വർഷാശനമായി നൽകിവരുന്നുണ്ട്. 2009-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ഭേദഗതി ബിൽ, നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ, വർഷംതോറും ഒരു ലക്ഷത്തി അറുപത്തി അയ്യായിരം രൂപ വിവിധ ക്ഷേത്രങ്ങൾക്ക് പുതുക്കിയ വർഷാശനമായി നൽകേണ്ടതായിട്ടുള്ളതിനാൽ ആദ്യത്തെ അഞ്ചു വർഷത്തേക്ക് സംസ്ഥാന സഞ്ചിത നിധിയിൽനിന്നും വർഷംതോറും ഒരു ലക്ഷത്തി പതിനായിരം രൂപയുടെ അധിക ചെലവ് ഉണ്ടാകുന്നതാണ്. ഓരോ അഞ്ചു വർഷം കഴിയുമ്പോഴും വർഷാശനം പുതുക്കിയ തുകയുടെ ഇരുപത്തിയഞ്ച് ശതമാനം വീണ്ടും വർദ്ധിപ്പിക്കേണ്ടിവരുന്നതിനാൽ അടുത്ത അഞ്ചു വർഷകാലത്തേക്കുള്ള വാർഷിക ബാദ്ധ്യത രണ്ടു ലക്ഷത്തി ആറായിരത്തി ഇരുന്നൂറ്റി അൻപത് രൂപ ആയിരിക്കുന്നതും ആയതിന് പ്രതിവർഷം സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ഒരു ലക്ഷത്തി അൻപത്തിയൊന്നായിരത്തി ഇരുന്നൂറ്റി അൻപതു രൂപ അധിക ചെലവ് ഉണ്ടാകുന്നതുമാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡംമൂലം 1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 11 എ വകുപ്പ് പ്രസ്തുത ആക്റ്റ് 11-ാം വകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള വർഷാശനം പുതുക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ചവയോ ഭരണപരമായ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. മാത്രമല്ല, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. പി. രാജേന്ദ്രൻ

(ശരിത്തർജ്ജമ)

## 1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
## (1969-ലെ 19-ാം ആക്റ്റ്)

** ** ** **

11. വർഷാശനവും നഷ്ടപ്രതിഫലവും നിർണ്ണയിക്കൽ.—(1) കോമ്പൻസേഷൻ ആഫീസർ ഓരോ തിരുപ്പുടമയേയും സംബന്ധിച്ച് 4-ാം വകുപ്പ് പ്രകാരം കൊടുക്കേണ്ടതായ വർഷാശനമോ, 6-ാം വകുപ്പ് പ്രകാരം കൊടുക്കേണ്ടതായ നഷ്ടപ്രതിഫലമോ, അതതു സംഗതിപോലെ, രേഖാമൂലമായ ഉത്തരവുമൂലം നിർണ്ണയിക്കേണ്ടതാണ്.

(2) ഏതെങ്കിലും തിരുപ്പുടമയ്ക്കോ അവകാശ ബന്ധമുള്ള മറ്റേതെങ്കിലും ആൾക്കോ നിർണ്ണയിക്കപ്പെടാവുന്ന കാലത്തിനുള്ളിലോ കോമ്പൻസേഷൻ ആഫീസർ തന്റെ വിവേചനമനുസരിച്ച് അനുവദിക്കാവുന്ന കൂടുതൽ കാലത്തിനുള്ളിലോ, ആ ഉദ്യോഗസ്ഥന്റെയടുക്കൽ, ഏതൊരു അടിസ്ഥാന വിവരങ്ങളെ ആസ്പദമാക്കിയാണോ അദ്ദേഹം വർഷാശനമോ നഷ്ടപ്രതിഫലമോ നിശ്ചയിക്കാൻ പോകുന്നത്, ആ അടിസ്ഥാന വിവരങ്ങളുടെ ഒരു പ്രതിക്കുവേണ്ടി അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷ ലഭിച്ചാൽ കോമ്പൻസേഷൻ ആഫീസർ മുകളിൽപ്പറഞ്ഞ അടിസ്ഥാന വിവരങ്ങൾ അപേക്ഷകന് നൽകേണ്ടതും, അദ്ദേഹം (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ഉത്തരവ് പാസ്സാക്കുന്നതിനുമുമ്പ്, അപേക്ഷകന് അത് സംബന്ധിച്ച രേഖാമൂലമോ വാങ്മൂലമോ ആയ അയാളുടെ നിവേദനം സമർപ്പിക്കുന്നതിന് ന്യായമായ അവസരം നൽകേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരം പാസ്സാക്കുന്ന ഏതൊരു ഉത്തരവിന്റെയും ഒരു പ്രതി തിരുപ്പുടമയ്ക്കും (2)-ാം ഉപവകുപ്പുപ്രകാരമുള്ള ഏതൊരു അപേക്ഷകനും അയച്ചുകൊടുക്കേണ്ടതാണ്.

(5) കോമ്പൻസേഷൻ ആഫീസർക്ക് ഏത് സമയത്തും സ്വമേധയായോ അഥവാ ഏതെങ്കിലും ആളുടെ അപേക്ഷയിന്മേലോ (1)-ാം ഉപവകുപ്പുപ്രകാരം അയാൾ പാസ്സാക്കിയ ഉത്തരവ് താഴെപ്പറയുന്ന ഒന്നോ അഥവാ കൂടുതലോ കാരണങ്ങളാൽ പുനഃ പരിശോധന ചെയ്യാവുന്നതാണ്, അതായത് :—

(എ) പ്രസ്തുത ഉത്തരവിന് ഏതെങ്കിലും കൈത്തെറ്റോ കണക്കു സംബന്ധമായ തെറ്റോ അല്ലെങ്കിൽ രേഖകളിൽ പ്രഥമദൃഷ്ട്യാ വെളിവാകുന്ന പിശകോമൂലം ദൂഷ്യമുണ്ടായിരിക്കുക ; അല്ലെങ്കിൽ

(ബി) പ്രസ്തുത ഉത്തരവ് പാസ്സാക്കിയതിനുശേഷം വർഷാശനമോ നഷ്ട പ്രതിഫലമോ കണക്കാക്കുന്നതിന് മെച്ചപ്പെട്ട അടിസ്ഥാന വിവരങ്ങൾ ലഭ്യമാവുക ; അല്ലെങ്കിൽ

(സി) പ്രസ്തുത ഉത്തരവിന് ഏതെങ്കിലും തക്ക അധികാരസ്ഥന്റെയോ, കോടതിയുടെയോ അവസാന ഉത്തരവനുസരിച്ച്, ഭേദഗതി ആവശ്യമായിരിക്കുക :

എന്നാൽ കോമ്പൻസേഷൻ ആഫീസർ, ബന്ധപ്പെട്ട തിരുപ്പുടമയ്ക്കും ഈ ഉപവകുപ്പോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പോ പ്രകാരമുള്ള ഏതൊരു അപേക്ഷകനും പറയാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകാതെ ഈ ഉപവകുപ്പുപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുവാൻ പാടുള്ളതല്ല.

(6) (5)-ാം ഉപവകുപ്പുപ്രകാരം പാസ്സാക്കുന്ന ഏതൊരു ഉത്തരവിന്റെയും ഒരു പ്രതി റവന്യൂ ബോർഡിനും ബന്ധപ്പെട്ട തിരുപ്പുടമയ്ക്കും (2)-ാം ഉപവകുപ്പോ, (5)-ാം ഉപവകുപ്പോ പ്രകാരമുള്ള ഏതൊരു അപേക്ഷകനും അയച്ചുകൊടുക്കേണ്ടതാണ്.

(7) (1)-ാം ഉപവകുപ്പോ (5)-ാം ഉപവകുപ്പോ പ്രകാരം കോമ്പൻസേഷൻ ആഫീസർ പാസ്സാക്കുന്ന ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഉത്തരവിന്റെ തീയതി മുതൽ മുപ്പതു ദിവസത്തിനകം ജില്ലാ കളക്ടറുടെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതും ജില്ലാ കളക്ടർ അപ്പീലന്യായക്കാരനും അയാൾ അപ്പീലന്യായക്കാരനല്ലാത്ത പക്ഷം തിരുപ്പുടമയ്ക്കും പറയാനുള്ളതു പറയുവാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷവും നിർണ്ണയിക്കപ്പെടാവുന്ന കൂടുതൽ അന്വേഷണ വിചാരണ നടത്തിയതിനുശേഷവും അപ്പീലിന്മേൽ തനിക്ക് യുക്തമെന്നുതോന്നുന്ന ഉത്തരവ് പാസ്സാക്കേണ്ടതുമാണ്.

(8) റവന്യൂ ബോർഡിന് സ്വമേധയായോ (7)-ാം ഉപവകുപ്പുപ്രകാരം ജില്ലാ കളക്ടർ പാസ്സാക്കിയ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരു ആളിന്റെ അപേക്ഷയിന്മേലോ, അങ്ങനെയുള്ള ഉത്തരവിന്റെയോ, നടപടിയുടെയോ, നിയമാനുസാരിത്വമോ, ക്രമാനുസാരിത്വമോ, ഔചിത്യമോ സംബന്ധിച്ച് സ്വയം ബോദ്ധ്യമാകുന്നതിനുവേണ്ടി അങ്ങനെയുള്ള ഉത്തരവ് ഏതു നടപടിയിലാണോ പാസ്സാക്കിയത് ആ നടപടി സംബന്ധിച്ച രേഖ വിളിച്ചുവരുത്തുകയും പരിശോധിക്കുകയും ചെയ്യാവുന്നതും, അതിന്മേൽ അതിന് യുക്തമെന്നു തോന്നുന്ന ഉത്തരവ് പാസ്സാക്കാവുന്നതുമാണ് :

എന്നാൽ ഒരു തിരുപ്പുടമയ്ക്ക് കൊടുക്കേണ്ടതായ വർഷാശനമോ നഷ്ടപ്രതിഫലമോ അതതു സംഗതിപോലെ, അയാൾക്കും ഈ ഉപവകുപ്പുപ്രകാരമോ (2)-ാം ഉപവകുപ്പുപ്രകാരമോ അപേക്ഷ ബോധിപ്പിച്ചിട്ടുള്ള ഏതൊരാൾക്കും പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകാതെ റവന്യൂ ബോർഡ് വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

(9) റവന്യൂ ബോർഡ്, പ്രസ്തുത നടപടി ഏതൊരു ഉത്തരവിനെ സംബന്ധിച്ചതാണോ, ആ ഉത്തരവ് ഒരു വർഷത്തിന് മുൻപാണ് പാസ്സാക്കിയതെങ്കിൽ (8)-ാം ഉപവകുപ്പുപ്രകാരമുള്ള നടപടിയുടെ യാതൊരു രേഖയും സ്വമേധയായി വിളിപ്പിക്കുകയും പരിശോധിക്കുകയും ചെയ്യാൻ പാടില്ലാത്തതാകുന്നു.

(10) സങ്കടമനുഭവിക്കുന്ന ഏതൊരാളിന്റെയും (8)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷയുടെ സംഗതിയിൽ, പ്രസ്തുത അപേക്ഷ തർക്കവിഷയമായ ഉത്തരവിന്റെ തീയതി മുതൽ മുപ്പതുദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്.

(11) റവന്യൂ ബോർഡിന്, അതു പാസ്സാക്കിയ വല്ല ഉത്തരവിലും തീരുമാനത്തിലുള്ള നിയമപരമായ തെറ്റുമൂലമോ പിശകുമൂലമോ ദൂഷ്യം പറ്റിയിട്ടുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ, കോമ്പൻസേഷൻ ആഫീസറോ അതിനുവേണ്ടി മറ്റേതെങ്കിലും

ആളുടെയോ അപേക്ഷയിന്മേൽ (8)-ാം ഉപവകുപ്പുപ്രകാരം അതു പസ്സാക്കിയ ഏതെങ്കിലും ഉത്തരവു പുനഃപരിശോധിക്കാവുന്നതും പ്രസ്തുത അപേക്ഷയിന്മേൽ, അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഉത്തരവ് പാസ്സാക്കാവുന്നതുമാണ് :

എന്നാൽ റവന്യൂ ബോർഡ് പുനഃപരിശോധനയ്ക്കുള്ള യാതൊരപേക്ഷയും തിരുപ്പുടമയ്ക്കും അപേക്ഷകനും ഹാജരാകുവാനും ഏതൊരു ഉത്തരവിന്റെ പുനഃപരിശോധനയ്ക്കാണോ അപേക്ഷിച്ചിരുന്നത് അതിന് ഉപോൽബലകമായി അവർക്ക് പറയുവാനുള്ളത് പറയുവാനും അവർക്ക് കഴിവുണ്ടാകാനായി മുൻകൂട്ടിയുള്ള നോട്ടീസ് നൽകാതെ സ്വീകരിക്കുവാൻ പാടില്ലാത്തതാണ്.

(12) കോമ്പൻസേഷൻ ആഫീസർ (1)-ാം ഉപവകുപ്പോ (5)-ാം ഉപവകുപ്പോ പ്രകാരം പാസ്സാക്കുന്ന യാതൊരുത്തരവും മുകളിൽ പറഞ്ഞതുപോലെ ജില്ലാ കളക്ടറോ റവന്യൂ ബോർഡോ അല്ലാതെ മറ്റാരും റദ്ദ് ചെയ്യുകയോ, രൂപഭേദം വരുത്തുകയോ ചെയ്യാൻ പാടില്ലാത്താണ്.

** ** ** **